**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1795** **09-12-2022 - ൽ മറുപടിയ്ക്ക്**

**ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക രംഗത്ത് ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ; | (എ) | ഡ്രിപ്പ് ഇറിഗേഷൻ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന (PMKSY-PDMC) എന്ന പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സൂക്ഷ്മ ജലസേചന സംവിധാനം സ്ഥാപിക്കുന്ന ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതി ചെലവിന്റെ അനുവദനീയ തുകയുടെ 55%-വും മറ്റുള്ള കർഷകർക്ക് 45% - വും സബ്സിഡി നൽകുന്നു. പദ്ധതി നടത്തിപ്പിനായുള്ള മാർഗ്ഗരേഖയും ടാർജറ്റും എല്ലാ ജില്ലകൾക്കും നൽകിയിട്ടുണ്ട്. കർഷകരിലേയ്ക്ക് പദ്ധതിയുടെ വിശദാംശങ്ങൾ എത്തിക്കുന്നതിനായി ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു. |
| (ബി) | കോട്ടയം ജില്ലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ ക്യാംപുകൾ നടത്തി ജീവനക്കാർക്കും കർഷകർക്കും പരിശീലനം നൽകിയിട്ടുണ്ട്. പത്രമാധ്യമങ്ങലളിലും സാമൂഹ്യ മാധ്യമങ്ങളിലും പദ്ധതിയെക്കുറിച്ച് പ്രചാരണം നടത്തിയിട്ടുണ്ട്. കാർഷിക പ്രദർശന വേദികളിൽ പദ്ധതിയ്ക്ക് വേണ്ടി സ്റ്റാളുകൾ ഒരുക്കി കർഷകർക്ക് ബോധവത്കരണം നടത്തിയിട്ടുണ്ട്. കോട്ടയം ജില്ലയിലെ 11 ബ്ലോക്ക് പഞ്ചയാത്തുകളിലും ക്യാമ്പുകൾ സംഘടിപ്പിച്ച് പദ്ധതിയെക്കുറിച്ചുള്ള അറിവ് ജനങ്ങളിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ